(ഡി) ഇത്തരം കേസുകൾ പെട്ടെന്ന് തീരുമാനമാക്കുന്നതിന് ജില്ലകൾ തോറും സ്പെഷ്യൽ കോടതികൾ രൂപീകരിക്കുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) 1769 കേസുകൾ (9/2000 വരെയുള്ള കണക്ക്)

(ബി) കൊലപാതകം, കഠിനമായ ദേഹോപദ്രവവും ബലാൽസംഗം, തീവെയ്പ് മറ്റു കുറ്റകൃത്യങ്ങൾ തുടങ്ങിയ ഗണത്തിൽപ്പെടുന്നു.

(സി) ഇക്കാര്യം സംബന്ധിച്ച കേസുകൾ പെട്ടെന്ന് തീർപ്പാക്കി കുറ്റക്കാരെ ശിക്ഷിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും കമ്മീഷണർമാർക്കും കർശനമായ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. കൂടാതെ പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്.

(ഡി) കേരളത്തിലെ 14 പ്രിൻസിപ്പൽ ജില്ലാ കോടതികളെയും ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സ്പെഷ്യൽ കോടതികളായി പ്രഖ്യാപിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലെയും പബ്ലിക് പ്രോസിക്യൂട്ടർമാരെ ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്ന തിനുള്ള പബ്ലിക് പ്രോസിക്യൂട്ടർമാരായി നിയോഗിച്ചിട്ടുണ്ട്.

ഗിരിജനങ്ങളുടെ പട്ടിണിമാറ്റാൻ നടപടി

7 (*37) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഗിരിജൻ സെറ്റിൽമെന്റുകളുണ്ട് ;

(ബി) ഈ സെറ്റിൽമെന്റിലുള്ളവർക്ക് ഉപജീവനത്തിനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ് ;

(സി) വർഷകാലത്ത് ഈ സെറ്റിൽമെന്റുകളിലുള്ള ഗിരിജനങ്ങൾക്ക് കൊടും പട്ടിണിയെ അഭിമുഖീകരിക്കേണ്ടി വരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ കാലത്ത് ഗിരിജൻ കുടുംബങ്ങൾക്ക് സൗജന്യമായി അരിയും മറ്റുഭക്ഷ്യവസ്തുക്കളും എത്തിക്കുന്നതിന് ഈ ഗവൺമെന്റിന് എന്തെല്ലാം പരിപാടികൾ ഉണ്ടെന്ന് വിശദീകരിക്കുമോ ;

(ഇ) ഇക്കാര്യത്തിൽ യാതൊരു പരിപാടിയും ഇല്ലാത്ത പക്ഷം അതിനുള്ള നടപടി ആസൂത്രണം ചെയ്ത് നടപ്പാക്കുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) 1999 വർഷം ശേഖരിച്ച കണക്കുപ്രകാരം 3945 പട്ടികവർഗ്ഗ സെറ്റിൽമെന്റുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വനത്തിനകത്ത് താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കു പരമ്പരാഗത തൊഴിലുകളായ വനവിഭവ ശേഖരണം, വനവുമായി ബന്ധപ്പെട്ട തൊഴിലുകൾ എന്നിവയാണ് ഉപജീവനമാർഗ്ഗങ്ങൾ. കൂടാതെ ഓരോ സെറ്റിൽമെന്റിന്റേയും വിഭവ ലഭ്യത, തൊഴിൽ എടുക്കാൻ കഴിയുന്നവരുടെ ലഭ്യത, ഇവയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസനവകുപ്പ്, മറ്റു വകുപ്പുകൾ, ത്രിതല പഞ്ചായത്തുകൾ ഇവയുടെ ആഭിമുഖ്യത്തിൽ സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്.

(സി) വർഷക്കാലത്ത് ചില പ്രദേശങ്ങളിൽ ഭക്ഷ്യ ദൗർലഭ്യം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഫുഡ് സപ്പോർട്ട്, ഗ്രെയിൻ ബാങ്ക് എന്നീ പദ്ധതികൾ മുഖേന ഭക്ഷ്യവസ്തുക്കൾ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ചില സാഹചര്യങ്ങളിൽ ഒരാഴ്ചവരെ സൗജന്യ റേഷൻ നൽകാൻ ജില്ലാ കളക്ടർക്ക് അധികാരമുണ്ട്. കൂടുതൽ ദിവസം സൗജന്യറേഷൻ നൽകേണ്ട സാഹചര്യമുണ്ടെങ്കിൽ ഗവൺമെന്റ് അതിന് അനുമതി നൽകുന്നുണ്ട്.

(ഇ) ഉദിക്കുന്നില്ല.

കേടായ വൈദ്യുതി മീറ്ററുകൾ

8 (*38) ശ്രീ. പി. വിശ്വൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീമതി. എൻ. കെ. രാധ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡ് ഉപഭോക്താക്കൾക്ക് നല്കിയിട്ടുള്ള മീറ്ററുകളുടെ കാര്യക്ഷമതയെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ മീറ്ററുകളുടെ പ്രവർത്തനത്തെക്കുറിച്ച് ഉപഭോക്താക്കൾക്കുള്ള പരാതികൾ പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടി എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് കേടായിട്ടുള്ളതും പ്രവർത്തനശേഷി നഷ്ടപ്പെട്ടതുമായ വൈദ്യുതി മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ എത്ര മീറ്ററുകൾ കേടായിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) കേടായിക്കിടക്കുന്ന മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിന് മൊത്തം എന്തു തുക ചെലവുവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly